# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 14/03/14

(12 JAMAD'UL AWWAL 1435 Hijiri)

Hazrat Khalifathullah Munir Ahmad Azim (A)

## ഇസ്ലാമിക അധ്യാപനങ്ങളുടെ സൗന്ദര്യം :– ലോക പ്രശ്ന പരിഹാരങ്ങൾക്ക് അമുസ്ലീംകൾ ഇവ ഉപയോഗിക്കുന്നു.

### ലോകം മൂന്നാം ലോക മഹായുദ്ധ ഭീഷണിയിൽ

ലോകമെമ്പാടുമുള്ള മുസ്ലിംകളെ പീഢിപ്പിക്കുന്നതിന്റെ കാരണങ്ങളെക്കുറിച്ച് ചിന്തിച്ചാൽ, ലോകാധിപത്യം ആഗ്രഹിക്കുന്ന ഒരു പിടി ആളുകളുടെ അതിമോഹമാണ്, ഈ ക്രൂരതകൾക്ക് കാരണമെന്ന് മനസ്സിലാകും. ലോകത്തെ പ്രധാനമായും രണ്ടു ബ്ളോക്കുകളായി തിരിച്ചിരിക്കുന്നു. അവരോരുത്തരോടുമൊപ്പം അവരവരുടെ സാറ്റ് ലൈറ്റുകളും / സിൽബന്ധികളും ഈ സാറ്റലൈറ്റുകളുളെ അവരവരുടെ നേട്ടങ്ങൾക്കനുസൃതമായി തിരിച്ചു നിർത്തുന്നു. അവർആയുധ മത്സരമാണ് നടത്തുന്നത്. ശാസ്ത്രത്തെ ദുരുപയോഗം ചെയ്ത്, പുതിയ പുതിയ ആയുധങ്ങൾ നിർമ്മിക്കുന്നു. ലോകം ഇന്ന് ഒരു ലോകമഹായുദ്ധ ഭീഷണിയുടെ വക്കിലാണ്. അപ്രകാരം ഒരു യുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ, അല്ലാഹുവിന്റെ ഈ മനോഹരഭൂമി നിശ്ചയമായും നശിപ്പിക്കപ്പെടും; അതോടൊപ്പം മനുഷ്യൻ നൂറ്റാണ്ടുകളിലൂടെ അവന്റെ കഠിനാധ്വാനത്തിലൂടെ പടുത്തുയർത്തിയ, പുരോഗതികൾ പരിഷ്ക്കാരങ്ങൾ തകർന്നടിയുകയും ചെയ്യും.

### ലോക സമാധാനത്തിന് ഇസ്ലാമിന്റെ ആഗോള വ്യവസ്ഥ നടപ്പിലാക്കുക.

ഇസ്ലാമിക ഗവൺമെന്റിന്റെ ആഗോളവ്യവസ്ഥ നടപ്പിലാക്കുന്നതിലൂടെ മാത്രമെ ഈ ദുരന്തത്തിൽ നിന്ന് മാനവകുലത്തിന് രക്ഷപ്പെടുവാൻ കഴിയുകയുള്ളൂ. ഇസ്ലാമിന്റെ ആഗോള വ്യവസ്ഥയിലൂടെ, ഓരോ രാജ്യത്തിനും തുല്യാവസരത്തിലൂടെ, സ്വതന്ത്രമായും ഭയരഹതിമായും പ്രവർത്തിക്കുവാൻ കഴിയുന്നു. ഓരോ രാജ്യത്തിനും അവരവരുടെ പാരമ്പര്യത്തിന്നനുസൃതമായി, പാരമ്പര്യ രീതികൾക്കനുസൃതമായി, വിശ്വാസങ്ങൾക്കനുസൃതമായി മുന്നോട്ടു നീങ്ങുവാൻ കഴിയും. ഈ വ്യവസ്ഥയനുസരിച്ച് ഒരു രാജ്യത്തിനും, അഥവാ രാജ്യങ്ങൾക്ക്, തങ്ങളുടെ രാജ്യാതിർത്തി വിപുലപ്പെടുത്താനും എന്നിട്ട് അത് സംരക്ഷിക്കുവാനും കഴിയില്ല. ഒരു രാഷ്ട്രത്തിനും മറ്റൊരു രാഷ്ട്രത്തിന്നെതിരിൽ ആക്രമണ പദ്ധതികൾ നടപ്പിലാക്കുവാൻ കഴിയില്ല. അഥവാ സംഘടിത രാഷ്ട്രങ്ങൾക്ക് മറ്റൊരു രാജ്യത്തിന്നെതിരിൽ ആക്രമണം നടത്തുവാൻ കഴിയില്ല. അതിന് ഏകീകൃതലോക ഗവൺമെന്റിന് രൂപം നല്കുവാൻ കഴിയണം. എല്ലാ സ്വതന്ത്ര രാഷ്ട്രങ്ങളും ഒന്നായി നിന്നുകൊണ്ട്, അതിന്നായി പ്രവർത്തിക്കുമ്പോൾ, ഏകീകൃതലോക ഗവൺമെന്റ് പ്രാബല്യത്തിൽ വരുന്നതാണ്.

### ശക്തമായ സംഘടിത സംഘം : –

തീർച്ചയായും ഇതൊരു ആദർശ വ്യവസ്ഥയാണ്. എല്ലാ ഓരോരുത്തരും, അവസാനം, ഇങ്ങനെ ആയിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുന്നുണ്ടാവും. ഇസ്ലാം വിഭാവനചെയ്യുന്നത്, വളരെ ശക്തമായ സംഘടിത സംഘത്തെയാണ്. ആ ശക്തമായ സംഘടിത സംഘത്തിനു മുമ്പിൽ, രാജ്യങ്ങൾ തമ്മിലോ, വംശങ്ങൾ തമ്മിലോ ഉണ്ടാകുന്ന തർക്കങ്ങൾ സമർപ്പിക്കുവാനും അതിനു പരിഹാരം കാണുവാനുമുള്ള കഴിവ് ആ ഏകീകൃതലോക ഗവൺമെന്റിനുണ്ടാകണം. ലോക ഗവൺമെന്റിന്റെ തീരുമാനത്തെ അംഗീകരിക്കാതെ പിന്മാറുന്ന അംഗരാജ്യത്തെ, പട്ടാള നടപടിയിലൂടെ രമ്യതയിലെത്തിക്കുകയും മറ്റു അംഗരാജ്യങ്ങൾ പാലിച്ചുപോരുന്ന അച്ചടക്കത്തിനു അവരെയും വിധേയമാക്കുകയും ചെയ്യണം. വിശ്വാസികളുടെ രണ്ടു സംഘങ്ങൾ യുദ്ധത്തിലേർപ്പെട്ടാൽ എന്തുചെയ്യണമെന്ന് വിശുദ്ധ ഖുർ ആൻ നമ്മെ ഇങ്ങനെ പഠിപ്പിക്കുന്നു.

**“വിശ്വാസികളിൽപ്പെട്ട രണ്ടു വിഭാഗങ്ങൾ തമ്മിൽ യുദ്ധത്തിലേർപ്പെട്ടാൽ നിങ്ങൾ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കുക. എന്നിട്ട് അവരിലൊരു വിഭാഗം മറു വിഭാഗത്തെ ആക്രമിക്കുന്നതായാൽ ആക്രമിക്കുന്ന വിഭാഗത്തോട് അവർ അല്ലാഹുവിന്റെ കല്പനയിലേക്ക് മടങ്ങുന്നതുവരെ നിങ്ങൾ യുദ്ധം ചെയ്യുക. അങ്ങനെ അവർ മടങ്ങിയാൽ അവരുടെയിടയിൽ ന്യായപൂർവ്വം നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും നീതിപാലിക്കുകയും ചെയ്യുക. നീതി പാലിക്കുന്നവരെ അല്ലാഹു തീർച്ചയായും സ്നേഹിക്കുന്നു.”**(49: 10)

**“ അവരിൽ നിന്നുളള പലവിഭാഗങ്ങൾക്കും നാം ഐഹിക ജീവിതത്തിന്റെ അലങ്കാരങ്ങൾ നല്കി സുഖ സൗകര്യങ്ങൾ അനുഭവപ്പെടുത്തിക്കൊടുത്തതിന്റെ നേരെ നീ നിന്റെ കണ്ണുകളെ ഉയർത്തരുത്. അവരെ അതിൽ പരീക്ഷിക്കുന്നതിന് വേണ്ടിയാണ് നാം അത് നല്കിയത്. നിന്റെ നാഥൻ നല്കുന്ന (അനുഗ്രഹം) ഏറ്റവും ഗുണ കരവും കൂടുതൽ നിലനില്ക്കുന്നതുമാകുന്നു. ”** (20: 132)

**ലീഗ് ഓഫ് നേഷൻസും ഐക്യരാഷ്ട്രസഭയും**

ഒന്നാം ലോക മഹായുദ്ധാനന്തരം രൂപം കൊണ്ട ലീഗ് ഓഫ് നേഷൻസ് (സർവ്വരാജ്യസഖ്യസഭ) മായി താരതമ്യം ചെയ്യുമ്പോൾ, രണ്ടാം ലോക മഹായുദ്ധാനന്തരം രൂപംകൊണ്ട ഐക്യരാഷ്ട്രസഭ കൂടുതൽ പ്രബലമാണ്, പലരംഗത്തുമുളള പല പ്രശ്നങ്ങളും പരിഹരിക്കുവാൻ സഹായകമായിരുന്നിട്ടുണ്ട്. എന്നിരുന്നാലും യഥാർത്ഥ ലക്ഷ്യം വളരെ വിദൂരമാണ്; എന്നിരുന്നാലും ഒരു ചുവടുകൂടി മുന്നോട്ടു പോയിട്ടുണ്ട് എന്ന് പറയാതിരിക്കുവാൻ വയ്യ.

വിശുദ്ധ ഖുർ ആനിൽ പ്രതിപാദിച്ച ഇസ്ലാമിക ആഗോളവ്യവസ്ഥയുടെ മൗനാനുവാദത്തോടെയുള്ള പ്രതിഫലനമല്ല ഐക്യരാഷ്ട്ര സഭയ്ക്കുള്ളത് എന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു.

**ഇസ്ലാം പ്രവർത്യോന്മുഖ മതം**

എഴുതിയതിൽ നിന്നും പറഞ്ഞതിൽ നിന്നും ഒരു കാര്യം വ്യക്തമായിരിക്കും. ഇസ്ലാം ഊഹങ്ങൾക്കും നിഗമനങ്ങൾക്കും അപ്പുറം പ്രവർത്യോന്മുഖമായ മതമാണ് എന്ന്. പണ്ഡിതതത്വചിന്തയോ, അഥവാ ഒരു ആദ്ധ്യാമിക ചിന്തയോ മാത്രമല്ല ഇസ്ലാം. ഇവ രണ്ടും ഇത് ഉൾക്കൊളളുന്നെങ്കിൽ പോലും, മധ്യകാലഘട്ടത്തിലെ ചിന്താസരണിയിലെ സ്പഷ്ടതയില്ലാത്ത തർക്കവിതർക്കങ്ങളെ ഇസ്ലാം പ്രോത്സാഹിപ്പിക്കുന്നില്ല. ഇസ്ലാം ഒരു പെരുമാറ്റ സംഹിതയാണ്; അതൊരു ജീവിത രീതിയാണ്. ഇതിലെ ഉന്നതമായ ഘടകം ഇതിലെ പ്രായോഗികതയാണ്.

ഇതിന്റെ ചരിത്ര പ്രയാണത്തിൽ, പരിഷ്ക്കാരത്തിന്റെ ഉറവിടമായി തീരാൻ കഴിഞ്ഞതും, മനുഷ്യ ക്ഷേമത്തിന്റെ വിവിധ മേഖലകളിൽ സ്വാധീനം നല്കാൻ കഴിഞ്ഞതും, ഇസ്ലാം നല്കിയ പ്രായോഗിക ക്ഷമതയുടെ മകുടോദഹരണങ്ങളാണ്. ഉദാഹരണമായി പറഞ്ഞാൽ (1) ബൗധിക മേഖലയിൽ, സയൻസും, തത്വചിന്തയും നല്കി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ രംഗത്തു ഇസ്ലാം വെളിച്ചം നല്കുകയുണ്ടായി. (2) ധർമ്മ നിഷ്ഠയിൽ, അതായത് മാനവബന്ധങ്ങളിൽ ദൂഷിതമല്ലാത്തതും പവിത്രവുമായ ബന്ധം സ്ഥാപിക്കുകയുണ്ടായി. (3) ആത്മീയമായി മനുഷ്യൻ പരസ്പരം തിരിച്ചറിയുവാനും, മനുഷ്യൻ എങ്ങനെ ജീവിക്കുന്നുവെന്നും മനുഷ്യൻ ദൈവത്തിനുവേണ്ടി എങ്ങനെയാണ് ജീവിക്കേണ്ടതെന്നും, അങ്ങനെ മനുഷ്യൻ എങ്ങനെയാണ് ദൈവത്തിന്റേതായി തീരുന്നതെന്നും, അതു പഠിപ്പിക്കുന്നു.

ഒരു മതമെന്ന നിലയിൽ, ഇസ്ലാമിന് ശുദ്ധ പ്രകൃതമാണ്. സങ്കീർണ്ണമായ തത്വങ്ങളോ, അനുഷ്ഠാനങ്ങളോ ഇല്ല. അതിന് പൗരോഹിത്യമില്ല. കാരണം ഓരോ മുസ്ലീമും അവന്റെ തന്നെ പുരോഹിതനാണ്. ഏകാന്ത ജീവിതം അഥവാ സന്യാസജീവിതം അതു അനുകൂലിക്കുന്നില്ല. കഠിനവ്രതത്തോടുകൂടിയ ഒന്നും അതു കല്പിക്കുന്നില്ല. ആത്മ ശുദ്ധീകരണത്തിനുവേണ്ടി, ഒരുവൻ തന്റെ ശരീരത്തെ കുത്തി മുറിവേല്പിക്കുവാനോ, ഉപവാസത്താൽ മെലിഞ്ഞു കഷ്ടപ്പെടുവാനോ, അതാവശ്യപ്പെടുന്നില്ല. ബ്രഹ്മചര്യം ഇസ്ലാം അനുവദിക്കുന്നില്ല. ഈ ലോകജീവിതത്തിന്റെ മേൽ മുഖം തിരിക്കുവാനും, അതിലെ അർഹമായ നേട്ടങ്ങൾ ആസ്വദിക്കാതിരിക്കുവാനും അത് വിലക്കുന്നില്ല. സാമൂഹ്യമായോ അല്ലെങ്കിൽ കുടുംബപരമായോ ഉള്ള ഉത്തരവാദിത്വങ്ങളിൽ നിന്ന് തന്ത്രപൂർവ്വം ഒഴിഞ്ഞു മാറുന്നതിനെ ഇസ്ലാം അപലപിക്കുന്നു. കാലചക്രം അനന്തമാണ് എന്ന് ഇത് വിശ്വസിക്കുന്നില്ല. ഇസ്ലാമിലെ വിശ്വാസ നിയമത്തിലെ ഒരു പ്രധാന നിയമം മരണാനന്തര ജീവിത വിശ്വാസമാണ്. എന്നിരുന്നാലും അത് പുനർജ്ജന്മത്തിൽ വിശ്വസിക്കുന്നില്ല. അതുപോലെ ആത്മാ

വിന്റെ പദാർത്ഥാന്തരീകരണത്തിലും വിശ്വസിക്കുന്നില്ല. അല്ലാഹുവിന്റെ വിധി നാളിൽ വിശ്വസിക്കുന്നു; സ്വർഗ്ഗത്തിലും നരകത്തിസും വിശ്വസിക്കുന്നു; അതു നിങ്ങൾ കരുതുന്നതുപോലെ അന്ധകാര നിബിഡവും അനന്തവുമായ ഭാവിയുടെ അനിശ്ചിതത്തിലായിരിക്കില്ല. എന്നാൽ അത് ഈ ലോകത്തു തന്നെ ആരംഭിക്കുന്നു എന്നത് തീർച്ചയാണ്; എന്നാൽ അതിന്റെ യഥാർത്ഥ ബോധോദയം മരണാന്തരമായിരിക്കുമെന്നുമാത്രം. ഈ ലോകത്തിലെയും പരലോകത്തിലെയും നന്മകൾ നേടാൻ ഇസ്ലാം മുസ്ലിംകളെ പഠിപ്പിക്കുന്നു. ഒരു വ്യക്തി മറ്റൊരു വ്യക്തിക്കു കീഴടങ്ങുവാൻ അത് കല്പിക്കുന്നില്ല.

**“വിശുദ്ധ ഖുർ ആനിൽ അല്ലാഹു നമ്മെ പഠിപ്പിക്കുന്നു. ഞങ്ങളുടെ നാഥാ ഈ ലോകത്ത് നീ ഞങ്ങൾക്ക് നന്മയെ പ്രദാനം ചെയ്യേണമെ! പരലോകത്തും നീ ഞങ്ങൾക്ക് നന്മയെ പ്രദാനം ചെയ്യേണമെ! നരക ശിക്ഷയിൽ നിന്നും നീ ഞങ്ങളെ കാത്തു രക്ഷിക്കേണമെ !”**(2: 202)

ഇസ്ലാം ആദർശാശയം ഇല്ലാത്തതാണ് എന്ന് അർത്ഥമാക്കരുത്. ഇതിന്റെ ആദർശാശയം ലഘുവും അതിലോലവുമല്ല. ഇതിന്റെ ആശയം ഇന്ദ്രീയഗോചരമായതാണ്. ഇതിന് ശരീരവും ആത്മാവുമുണ്ട്. അയവില്ലാത്ത യാഥാർത്ഥ്യത്തിലാണ് അത് ശക്തിപ്പെടുത്തിയിരിക്കുന്നത്. ധാർമ്മികവും ആത്മീയവുമായ മൂല്യങ്ങളാൽ പരസ്പര ബന്ധിതമാണ്. അഗാധമായ, ഏകദൈവ വിശ്വാസത്താൽ ബന്ധിതമാണ് ഇസ്ലാമിന്റെ നാര്. ആ ദൈവം സർവ്വശക്തനാണ്. അവൻ മാനവസമൂഹത്തിന് സ്നേഹം പകരുന്നു.

## ഇസ്ലാം പതിനഞ്ചാം നൂറ്റാണ്ടിലേക്ക്

ഇസ്ലാം ഇപ്പോൾ 15-ാം നൂറ്റാണ്ടിൽ പ്രവേശിച്ചിരിക്കുകയാണ്. നാമിപ്പോൾ ഹിജ്റ 1435 ലാണ്. ഈ കാലമത്രെയും ഇസ്ലാം നേടിയ പുരോഗതി ചരിത്രം രേഖപ്പെടുത്തിയിട്ടുള്ളതാണ്. നിലനില്ക്കുവാനുള്ള ഗാംഭീര്യമായ പൗരുഷവും കഴിവും അത് പ്രകടമാക്കിയിട്ടുണ്ട്. ചില നിരൂപകന്മാർ മുൻകൂട്ടി ധരിച്ചിരിക്കുന്നതുപോലെ ഇത് എഴുതി തള്ളാവുന്ന ഒരു ശക്തിയല്ല. അപ്രസക്തമായ ഒരു തത്വസംഹിതയുമല്ല. ഈ ദുർഘട സന്ധിയിലും, ഇതിന്റെ അധ്യാപനങ്ങളെ പ്രയോജനപ്പെടുത്തി, പരിഷ്ക്കാരത്തിന്റെ തീരത്ത്, ഈ ബോട്ടിനെ അടുപ്പിക്കുവാൻ ശ്രമിക്കുകയാണ്. കാണാൻ കണ്ണുള്ളവർക്ക് കാണാൻകഴിയും, എത്ര നല്ലനിലയിലാണ്, സമ്മർദ്ദസാഹചര്യങ്ങൾ നിലനില്ക്കുന്ന ഈ കാലത്ത്, ബോധപൂർവ്വമോ അല്ലാതെയോ, ഇസ്ലാമിക ആശയങ്ങളെ ലോകം സമീപിക്കുന്നത്, ആശ്രയിക്കുന്നത് എന്ന്, ഇത് തുടർന്നു കൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണ്. ഇത് പറയുവാൻ ഒരു പ്രവാചകനൊന്നും ആയിരിക്കേണ്ട ആവശ്യമില്ല. എല്ലാ പ്രധാന ലോക പ്രശ്ന പരിഹാരങ്ങൾക്കും ഭാവിയിൽ, ഇസ്ലാമിന്റെ സഹകരണം, ആവശ്യപ്പെടുകതന്നെചെയ്യും, അങ്ങനെ ഒരു പുതിയ ലോകക്രമം ഉണ്ടായി വരും, ഒരു സ്വർഗ്ഗീയരാജ്യം, ദൈവ ദൂതന്മാരുടെയും, സന്യാസിവര്യന്മാരുടെയും തത്വചിന്തകന്മാരുടെയും സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുന്ന ലോകക്രമം.

എല്ലാ മുസ്ലിം സഹോദരന്മാരെയും അല്ലാഹു സഹായിക്കട്ടെ, എല്ലാ ജനങ്ങളെയും അല്ലാഹു അനുഗ്രഹിക്കട്ടെ; ഈ പുതിയ ലോകക്രമം സംജാതമാക്കുവാൻ, അതിലൂടെ മനുഷ്യന്റെ ബാഹ്യവും ആന്തരികവുമായ സമാധാനം ലോകത്തിലുടനീളം പ്രകടമാക്കുവാൻ സർവ്വശക്തൻ മനുഷ്യരാശിയെ പ്രാപ്തമാക്കട്ടെ! ഇൻശാ അല്ലാഹ് ! ആമീൻ.


Translated & Issued By
***R. Jamaludin Raother***
***Amir***

*Jamaat-Ul-Sahih-Al-Islam, Kerala*
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*
*email : muhyiuddin@jamaat-ul-sahih-al-islam.com*